## പത്രക്കുറിപ്പ്

# നൂറോളം മോഷണക്കേസ്സുകളിലെ പ്രതി പിടിയിൽ

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച കേസ്സിൽ രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം :- നഗരത്തിലും സമീപ പ്രദേശങ്ങളിലും അടുത്തിടെ നടന്ന മോഷണ പരമ്പരകളിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. നെയ്യാറ്റിൻകര ആര്യങ്കോട് കുറ്റിയാനിക്കാട് കടയറ പുത്തൻ വീട്ടിൽ മണികണ്ഠൻ (37)-നെയാണ് സിറ്റി ഷാഡോ പോലീസും പൂന്തുറ പോലീസും ചേർന്ന് അറസ്റ്റ് ചെയ്തത്.



പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത മണികണ്ഠൻ (37)

പൂന്തുറ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള അമ്പലത്തറ പോസ്റ്റോഫീസ് കുത്തിതുറന്ന് പണം അപഹരിച്ച കേസ്സിന്റെ അന്വേഷണത്തിനായി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.വൈഭവ് സക്സേനയുടെ നിർദ്ദേശാനുസരണം സിറ്റി ഷാഡോ ടീമിനെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിലാണ്

മണികണ്ഠൻ പിടിയിലായത്. കഴിഞ്ഞ ദിവസം രാത്രി ശ്രീകാര്യത്തിന് സമീപം ശ്രീഗണേശ് ലോട്ടറി കട, പ്രീതി ബേക്കറി, സലൂൺ എന്നീ കടകൾ ഓടിളക്കി ഇറങ്ങി മോഷണം നടത്തിയ ശേഷം മടങ്ങുന്ന വഴിയിലാണ് മോഷണ മുതലുകളുമായി ഷാഡോ ടീം ഇയാളെ പിടികൂടിയത്. തുടർന്ന് ചോദ്യം ചെയ്തതിൽ അമ്പലത്തറ പോസ്റ്റാഫീസ് മോഷണം നടത്തിയതിന്റെ അന്നു തന്നെ തൊട്ടടുത്ത വീട്ടിൽ കവർച്ച നടത്തിയതും, തിരുവല്ലത്തിന് സമീപം ഒരു ആധാരം എഴുത്താഫീസ് ഉൾപ്പെടെ രണ്ടു കടകളുടെ ഓടിളക്കി ഇറങ്ങി മോഷണം നടത്തിയതും ഇയാളാണെന്ന് തെളിഞ്ഞിട്ടുണ്ട്. വീടുകളിലും കടകളിലും ഓഫീസുകളിലും മറ്റും വിവസ്ത്രനായി കയറിയാണ് ഇയാൾ മോഷണം നടത്തുന്നത്. വിഴിഞ്ഞം, കോവളം, നെയ്യാറ്റിൻകര, പാറശ്ശാല, ആര്യങ്കോട്, കളിയിക്കാവിള തുടങ്ങിയ വിവിധ പോലീസ് സ്റ്റേഷനുകളിലായി ഇയാൾക്ക് നൂറിലേറെ മോഷണക്കേസ്സുകളുണ്ട്. ഇയാളെ കൂടുതൽ ചോദ്യം ചെയ്തു വരുന്നതായും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. സി-ബ്രാഞ്ച് അസി. കമ്മീഷണർ ജോൺസൺ ചാൾസിന്റെ നേതൃത്വത്തിൽ പൂന്തുറ എസ്.എച്ച്.ഒ അനൂപ്.എ, എസ്.ഐ-മാരായ ഷിഹാസ്, അഭിറാം, എസ്.സി.പി.ഒ-മാരായ മനു, ശ്രീജിത്ത്, വിമൽ, ഷാഡോ എസ്.ഐ അരുൺ കുമാർ, ഷാഡോ ടീം അംഗങ്ങൾ എന്നിവരടങ്ങിയ അന്വേഷണസംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസ്സിൽ രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം :- സാമൂഹ്യമാധ്യമത്തിലൂടെ പരിചയപ്പെട്ട പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച കേസ്സിലെ പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മുട്ടത്തറ സ്വദേശി വൈശാഖ് കുമാർ (24), പത്തനംതിട്ട സ്വദേശി അഭിജിത്

അശോക് (24) എന്നിവരെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്.

സാമൂഹ്യ മാധ്യമത്തിലൂടെ ഒന്നാം പ്രതിയായ വൈശാഖ് താൻ മജീഷ്യനാണെന്നും മെന്റലിസ്റ്റ് ആണെന്നും മറ്റും പറഞ്ഞ് വിശ്വസിപ്പിച്ചാണ് പെൺകുട്ടിയുമായി പരിചയപ്പെട്ടത്. തുടർന്ന് തന്ത്രപൂർവ്വം പെൺകുട്ടിയെ ഹോട്ടൽ മുറിയിലേയ്ക്ക് കൂട്ടിക്കൊണ്ടു പോയി അബോധാവസ്ഥയിലാക്കി പ്രതികൾ പീഢിപ്പിക്കുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെ കഴക്കൂട്ടം സൈബർസിറ്റി അസ്സി. കമ്മീഷണർ ഷൈനു തോമസിന്റെ നേതൃത്വത്തിൽ കഴക്കൂട്ടം എസ്.എച്ച്.ഒ ബിജു.യു, എസ്.ഐ ഗോപകുമാർ, സി.പി.ഒ-മാരായ ബിനു, സുജിത്, അരുൺ.എസ്.നായർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. പോക്സോ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ ചുമത്തിയ പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.


കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത
വൈശാഖ് കുമാർ(24),അഭിജിത് അശോക്(24)

## അറിയിപ്പ്

ഈ ഫോട്ടോയിൽ കാണുന്ന ഊരും പേരും തിരിച്ചറിയാത്ത ഉദ്ദേശം 50-വയസ്സ് പ്രായം വരുന്ന പുരുഷൻ, ഇടകലർന്ന നരച്ച തലമുടിയും വെള്ളയിൽ കറുത്ത കോളറുള്ള ഷർട്ടും, കടുംപച്ച നിറത്തിലുള്ള കൈലിമുണ്ടും ധരിച്ച് ചെട്ടിക്കുളങ്ങര റെയിൽവെ സിഗ്നൽ പോസ്റ്റിലെ കോണിപ്പടിയിൽ കെട്ടിത്തൂങ്ങി മരണപ്പെട്ട 24-03-2021-ാം തീയതി രാവിലെ 06.30-

മണിയ്ക്ക് കാണപ്പെട്ടിട്ടുള്ളതാണ്. മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചുവരുന്നതുമാകുന്നു. ഇയാളെ തിരിച്ചറിയുന്നവർ തിരുവനന്തപുരം വഞ്ചിയൂർ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുക.



എസ് എച്ച് ഓ വഞ്ചിയൂർ :- 9497987007

എസ് ഐ വഞ്ചിയൂർ :- 9497980031

വഞ്ചിയൂർ പോലീസ് സ്റ്റേഷൻ:-0471-2461129

തിരുവനന്തപുരം സിറ്റി

25-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി